# അഞ്ച് (a)

# ദഅ്‌വത്തിനുവേണ്ടി കൂട്ടായ്മ...?

ഇസ്‌ലാം ഐക്യത്തിനും കൂട്ടായ്മക്കും വളരെ പ്രാധാന്യം നൽകുകയും അവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ആരാധനാകർമങ്ങളിൽ അതിപ്രധാനമായ നിത്യേനയുള്ള അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം സംഘടിതമായി നിർവഹിക്കുവാനാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അപ്രകാരംതന്നെ നിർബന്ധദാനമായ സകാത്തിലും ഉദ്ഹിയ്യ(ബലികർമം)ത്തിലും ജുമുഅയിലും ഹജ്ജിലും ഈദാഘോഷങ്ങളിലുമെല്ലാം ഈ സംഘടിത രൂപമാണ് കാണാൻ കഴിയുക.

ഒരു യാത്രയിലാണെങ്കിൽപോലും കൂട്ടുചേർന്ന് പോകുവാനും ഒരാളെ അമീറാക്കുവാനും (നേതാവ്) നിർദേശിക്കുന്ന ഹദീഥുകൾ കാണാം. വിദ്യനേടുമ്പോഴും ഭക്ഷണം കഴിക്കുന്ന വേളയിൽപോലും റബ്ബിന്റെ അനുഗ്രഹം ലഭിക്കണമെങ്കിൽ സംഘമായിട്ടാവാനാണ് ഇസ്‌ലാം നിർദേശിച്ചത്. അനൈക്യത്തിന്റെ അപകടത്തെക്കുറിച്ച് താക്കീത് ചെയ്തുകൊണ്ട് ഐക്യത്തിന് ആഹ്വാനം ചെയ്യുന്ന നിരവധി വചനങ്ങൾ ഖുർആനിലും ഹദീഥുകളിലും കാണാം:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ ۝ وَٱعْتَصِمُوا۟ بِحَبْلِ ٱللَّهِ جَمِيعًا وَلَا تَفَرَّقُوا۟

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ പാശത്തിൽ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിച്ചുപോകരുത്...."(3:102,103).

وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ

"പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (5:2).

إِنَّ ٱلَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعًا لَّسْتَ مِنْهُمْ فِي شَيْءٍ ۚ
إِنَّمَآ أَمْرُهُمْ إِلَى ٱللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُواْ يَفْعَلُونَ

"തങ്ങളുടെ മതത്തിൽ ഭിന്നിപ്പുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിങ്കലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ചുകൊള്ളും" (6:159).

وَأَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُواْ فَتَفْشَلُواْ وَتَذْهَبَ
رِيحُكُمْ ۖ وَٱصْبِرُوٓاْ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ

"അല്ലാഹുവെയും അവൻെറ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചുപോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുടയും നിങ്ങളുടെ വീര്യം (നശിച്ചു) പോകുകയും ചെയ്യും" (8:46).

وَلَا تَكُونُواْ كَٱلَّذِينَ تَفَرَّقُواْ وَٱخْتَلَفُواْ مِنۢ بَعْدِ مَا جَآءَهُمُ
ٱلْبَيِّنَٰتُ ۚ وَأُوْلَٰٓئِكَ لَهُمْ عَذَابٌ عَظِيمٌ

"വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിനു ശേഷം പല കക്ഷിളായിപ്പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കനത്ത ശിക്ഷയുള്ളത്" (3:105).

വിശ്വാസികളുടെ സമൂഹത്തെ 'ഒരു കെട്ടിടംപോലെ', 'ഒരൊറ്റ ശരീരംപോലെ' (മുസ്‌ലിം) എന്നൊക്കെയാണ് നബി(ﷺ) ഉപമിച്ചത്. പരസ്പര സഹകരണത്തിൻെറയും ഐക്യത്തിൻെറയും പ്രാധാന്യം മനസ്സിലാക്കുവാൻ ഈ ഒരൊറ്റ ഹദീഥ് മാത്രം മതിയാകുന്നതാണ്.

ഭിന്നിപ്പും ഛിദ്രതകളും ഒഴിവാക്കാനുള്ള പ്രായോഗിക നിർദേശങ്ങളും ഇസ്‌ലാം നൽകിയിട്ടുണ്ട്.

**അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ**

മനുഷ്യർ വ്യത്യസ്ത പ്രകൃതക്കാരായതുകൊണ്ടും ചിന്തയും വീക്ഷണവും വിഭിന്നമാകുന്നതുകൊണ്ടും അഭിപ്രായവ്യത്യാസം സ്വാഭാവികമാണ്. പക്ഷേ, അതിന് പരിഹാരം കണ്ടെത്തി ഐകരൂപമുണ്ടാക്കാൻ ഇസ്‌ലാം നിർദേശിക്കുന്നു:

وَمَا ٱخْتَلَفْتُمْ فِيهِ مِن شَيْءٍ فَحُكْمُهُۥٓ إِلَى ٱللَّهِ ۚ ذَٰلِكُمُ ٱللَّهُ
رَبِّى عَلَيْهِ تَوَكَّلْتُ وَإِلَيْهِ أُنِيبُ

"നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ, അതിൽ തീർപ്പ് കല്പിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എൻെറ രക്ഷിതാവായ അല്ലാഹു. അവൻെറ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു" (42:10).

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِي ٱلْأَمْرِ مِنكُمْ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْءَاخِرِ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلاً

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ وَمَن يَعْصِ ٱللَّهَ وَرَسُولَهُۥ فَقَدْ ضَلَّ ضَلَـٰلاً مُّبِينًا

"അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവൻെറ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു" (33:36).

അതായത്, ഖുർആനിലോ ഹദീഥിലോ ആ വിഷയത്തിൽ വ്യക്തമായ ഒരു നിർദേശം കണ്ടുകഴിഞ്ഞാൽ സ്വന്തം ഇഛകളെയും അഭിപ്രായങ്ങളെയും അതിന് കീഴ്പെടുത്തുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അവിടെ 'ഈഗോ' തടസ്സമാവരുത്. തെറ്റ് ബോധ്യപ്പെട്ടാൽ ഉടൻ തിരുത്തുക എന്നതാണ് വിശ്വാസിയുടെ സവിശേഷത.

وَٱلَّذِينَ إِذَا فَعَلُواْ فَـٰحِشَةً أَوْ ظَلَمُوٓاْ أَنفُسَهُمْ ذَكَرُواْ ٱللَّهَ فَٱسْتَغْفَرُواْ لِذُنُوبِهِمْ وَمَن يَغْفِرُ ٱلذُّنُوبَ إِلَّا ٱللَّهُ وَلَمْ يُصِرُّواْ عَلَىٰ مَا فَعَلُواْ وَهُمْ يَعْلَمُونَ

"വല്ല നീചകൃത്യവും ചെയ്തുപോയാൽ, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തുപോയാൽ അല്ലാഹുവെ ഓർക്കുകയും, തങ്ങളുടെ പാപങ്ങൾക്ക് മാപ്പ് തേടുകയും ചെയ്യുന്നവർ- പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-ചെയ്തുപോയ (ദുഷ്)പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചുനിൽക്കാത്തവരുമാകുന്നു അവർ" (3:135).

സ്വഹാബത്ത് ഈ നിർദേശം സ്വീകരിച്ചുകൊണ്ട് ഐക്യപ്പെട്ട

എത്രയോ സംഭവങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാം. ഇനി വിഷയം ഗവേഷണാത്മകമാണെങ്കിൽ ഇതരൻെറ അഭിപ്രായത്തെ അംഗീകരിച്ചില്ലെങ്കിലും അവമതിക്കാവതല്ലായെന്നാണ് ഹദീഥ് പാഠം. മുജ്തഹിദിന് (ഗവേഷകന്) തെറ്റ് പറ്റിയാൽ ഒരു പ്രതിഫല വും സത്യത്തിലെത്താൻ കഴിഞ്ഞാൽ രണ്ട് പ്രതിഫലവുമുണ്ടെ ന്നാണ് നബി(ﷺ) പഠിപ്പിച്ചത്. അപ്രകാരം സ്നേഹം ഊട്ടിയുറപ്പി ക്കുവാനായി രക്ഷയ്ക്കുവേണ്ടി പ്രാർഥിക്കാൻ (സലാം പറയൽ) പഠിപ്പിച്ചു.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلَا تُؤْمِنُوا حَتَّى تَحَابُّوا أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ أَفْشُوا السَّلَامَ بَيْنَكُمْ (مسلم)

"വിശ്വാസികളാകുന്നതുവരെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കു കയില്ല. പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ (പൂർണ) വിശ്വാ സികളുമാവില്ല. നിങ്ങൾക്ക് പരസ്പരം സ്നേഹം വളർത്തിയെടുക്കാ നുതകുന്ന ഒരുകാര്യം ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? അത് നിങ്ങൾ ചെയ്താൽ പരസ്പര സ്നേഹമുണ്ടാകും. നിങ്ങൾക്കിടയിൽ 'സലാം' വ്യാപിപ്പിക്കുക" (മുസ്‌ലിം)

ഇതുപോലെ തുമ്മിയശേഷം അല്ലാഹുവിനെ സ്തുതിച്ച സഹോദ രന് ദൈവകാരുണ്യത്തിനായി പ്രാർഥിക്കാനുള്ള നിർദേശവും ഹദീ ഥുകളിൽ കാണാം. പരസ്പരം സഹായിക്കേണ്ടതിൻെറ ആവശ്യക തയെക്കുറിച്ചും അതിലൂടെ ലഭ്യമാകുന്ന മഹത്തായ പ്രതിഫലത്തെ ക്കുറിച്ചും അറിയിക്കുന്ന എത്രയോ നബിവചനങ്ങൾ കാണാൻ കഴി യും. ഇതിൻെറയെല്ലാം ആത്മാവുൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കു ന്നവർക്ക് പരസ്പര 'പാര'കളാവാനോ ഭിന്നിക്കാനോ കഴിയില്ലതന്നെ.

തുടരും...